| പതിമൂന്നാം കേരള നിയമസഭ | |
|---|---|
| ഒൻപതാം സമ്മേളനം | |
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1594 | 14.06.2013-ൽ മറുപടിക്ക് |
| കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ | |
| ചോദ്യം | ഉത്തരം |
| ശ്രീ.എ.എ.അസീസ് | ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് "കുട്ടികളുടെ അവകാശ സംരക്ഷണ കമ്മീഷൻ" നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ എന്നാണ്; വ്യക്തമാക്കുമോ; | (എ) | 04.10.2012-ലെ എസ്.ആർ.ഒ. 700/2012-ാം നമ്പർ ഗസറ്റ് പ്രകാരം കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രൊട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് റൂൾസിന്റെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ടി കമ്മീഷന്റെ ചെയർ പേഴ്സണായി ശ്രീമതി.നീലാഗംഗാധരൻ, ഐ.എ.എസ് (റിട്ട)-നെ 23.05.2013-ലെ ജി.ഒ.(പി) നമ്പർ 44/2013/സാ.നീ.വ. നമ്പർ ഉത്തരവ് പ്രകാരം നിയമിച്ചിട്ടുണ്ട്. അംഗങ്ങളെ നിയമിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു. |
| (ബി) | കമ്മീഷനെ നിയമിക്കുന്നതിനായി ഇന്റർവ്യൂ നടത്തിയിട്ടുണ്ടോ; എങ്കിൽ എന്നാണ്; ഇന്റർവ്യൂ ബോർഡിലെ അംഗങ്ങൾ ആരൊക്കെ; വിശദമാക്കുമോ; | (ബി) | ഉണ്ട്. 25.10.2012-ലെ സ.ഉ.(സാധാ) നമ്പർ 468/12/എസ്.ഡബ്ല്യൂ.ഡി പ്രകാരം ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി ചെയർപേഴ്സണും, ഡോ.കെ.എം.എബ്രഹാം, അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്, ശ്രീ.സി.പി.രാമരാജ പ്രേമ പ്രസാദ്, നിയമ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായിട്ടുള്ള സെലക്ഷൻ കമ്മിറ്റി, കമ്മീഷൻ ചെയർപേഴ്സണെ തെരഞ്ഞെടുക്കുന്നതിനായി 15.04.2013-ലും, 25.04.2013-ലും ഇന്റർവ്യൂ നടത്തിയിട്ടുണ്ട്. |
| (സി) | ഇന്റർവ്യൂ ദിവസം പങ്കെടുത്ത ഉദ്യോഗാർത്ഥികൾ ആരൊക്കെ; | (സി) | 15.04.2013-ൽ നടന്ന ഇന്റർവ്യൂവിൽ ശ്രീ.എസ്.എച്ച്.പഞ്ചാപകേശൻ, പ്രിസൈഡിംഗ് ഓഫീസർ, കോഴിക്കോട് ലേബർ കോർട്ട്, ഡോ.എൻ.എസ്.ബാലകൃഷ്ണൻ നായർ, ഡി.ഐ.ജി. ഓഫ് പ്രിസൺസ്(റിട്ട), ഡോ.ജി.സുരേഷ്കുമാർ, രജിസ്ട്രാർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ തുടങ്ങിയവരും 25.04.2013-ലെ ഇന്റർവ്യൂവിൽ ശ്രീമതി.നീലാഗംഗാധരനും, ഐ.എ.എസ്.(റിട്ട) പങ്കെടുത്തു. |
| (ഡി) | ഇവരിൽ നിന്ന് ഷോർട്ട് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആരൊക്കെയാണ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്; | (ഡി) | ഉണ്ട്. ശ്രീമതി.നീലാഗംഗാധരൻ, ഐ.എ.എസ്.(റിട്ട), ഡോ.എൻ.എസ്.ബാലകൃഷ്ണൻനായർ, ഡി.ഐ.ജി. ഓഫ് പ്രിസൺസ് (റിട്ട), ശ്രീ.എസ്.എച്ച്.പഞ്ചാപകേശൻ, പ്രിസൈഡിംഗ് ഓഫീസർ, കോഴിക്കോട് ലേബർ കോർട്ട്, ഡോ.ജി.സുരേഷ്കുമാർ, രജിസ്ട്രാർ, ചൈൽഡ് ഡവലപ്മെന്റ് സെന്റർ എന്നിവരാണ് ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഇ) | കമ്മീഷൻ അംഗമാകാനുളള അടിസ്ഥാന യോഗ്യതകൾ എന്തൊക്കെ; ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുളള മുഴുവൻ പേർക്കും നിശ്ചിത യോഗ്യത ഉണ്ടോ; വ്യക്തമാക്കുമോ; | (ഇ) | അടിസ്ഥാന യോഗ്യതകൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു. നിശ്ചിത യോഗ്യതയുളളവരും നിർദ്ദിഷ്ട ഔദ്യോഗികസ്ഥാനം ഫലപ്രദമായി കൈകാര്യം ചെയ്യാൻ പ്രാപ്തരെന്ന് സെലക്ഷൻ കമ്മറ്റി കണ്ടെത്തിയവരെയുമാണ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുളളത്. |
| (എഫ്) | കമ്മീഷൻ ചെയർപേഴ്സണെ നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; ആരെയാണ് ചെയർപേഴ്സണായി നിയമിച്ചിട്ടുളളത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എഫ്) | ഉണ്ട്. 27.05.2013-ലെ എസ്.ആർ.ഒ. 428/2013-ാം നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം ശ്രീമതി.നീലാഗംഗാധരൻ, ഐ.എ.എസ്(റിട്ട)-നെ ടി കമ്മീഷന്റെ ചെയർപേഴ്സണായി നിയമിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (ബി) ആയി ചേർത്തിട്ടുണ്ട്. |
| (ജി) | ചെയർപേഴ്സൺ ചാർജ് എടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ചാർജ് എടുക്കാത്തത്; | (ജി) | ഉണ്ട്. |
| (എച്ച്) | നിയമനം ലഭിച്ച വ്യക്തി ചാർജ് എടുക്കുന്നില്ല എങ്കിൽ അടുത്ത നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ; | (എച്ച്) & (ഐ) | ചോദ്യം ഉദിക്കുന്നില്ല |
| (ഐ) | കമ്മീഷൻ ചെയർമാനെ നിയമിച്ച് പ്രവർത്തനം തുടങ്ങാതിരിക്കുന്നത് സുപ്രീംകോടതിയുടെ ഉത്തരവിന് വിരുദ്ധമാകയാൽ അടിയന്തിരമായി പാനലിലെ അടുത്തയാളെ നിയമിച്ച് ഉത്തരവിറക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**